സംഭവത്തെക്കുറിച്ച് അടിയന്തിരമായി അന്വേഷണം നടത്തുന്നതും അതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതുമാണ്. സ്ഥലത്തിപ്പോൾ സംഘർഷാവസ്ഥയൊന്നും നിലവിലില്ല. സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

ഓർഡർ.....ഓർഡർ...ഇന്നത്തെ അസംബ്ളി കവറിൽ ഗ്രൂപ്പ് ഫോട്ടോയെ സംബന്ധിക്കുന്ന ഒരു കത്ത് നൽകിയിരിക്കുന്നു. അത് കിട്ടിക്കാണുമെന്നു വിചാരിക്കുന്നു. 7-ാം തീയതി ഉച്ചയ്ക്കുശേഷം മൂന്നരമണിക്ക് അസംബ്ലി മന്ദിരത്തിന്റെ മുമ്പിൽ വച്ചാണ്.

III ശ്രദ്ധക്ഷണിക്കൽ

(1) വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

ശ്രീ. തമ്പാനൂർ രവി : സർ, ഈ സംസ്ഥാനത്തെ ബാധിക്കുന്ന അതീവ ഗുരുതരമായ ഒരു ആവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ടു വന്നത്. കേരളത്തിലെ വാഹനാപകടങ്ങളും അതിനെ തുടർന്നുള്ള മരണങ്ങളും ക്രമാതീതമായി വർദ്ധിക്കുകയാണ്. ഇൻഡ്യയിൽ മഹാരാഷ്ട്ര കഴിഞ്ഞാൽ റോഡപകടങ്ങളും മരണങ്ങളും അധികമാകുന്ന സംസ്ഥാനമായി കേരളം രണ്ടാം സ്ഥാനത്ത് എത്തിനിൽക്കുകയാണ്. വളരെ അടിയന്തിരമായ, ഫലപ്രദമായ നടപടികൾ ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചില്ലെങ്കിൽ ഇൻഡ്യ അപകടങ്ങളുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് എത്തുമോ എന്ന സംശയമാണ് കണക്കുകൾ ചൂണ്ടികാണിക്കുന്നത്. ഞെട്ടിക്കുന്ന വിധത്തിലാണ് റോഡപകടങ്ങളുണ്ടാകുന്നത്. ഏതാനും നാളുകളായി കൂട്ടമരണങ്ങളുടെ വാർത്തയാണ് പത്രങ്ങളിലും വാർത്താ മാധ്യമങ്ങളിലും.പ്രായഭേദവും തരഭേദവുമില്ലാതെ ആളുകൾ റോഡിൽ മരിച്ചു വീഴുകയാണ്. ഈ വാഹനാപകടങ്ങളെല്ലാം മനുഷ്യന്റെ വിലപ്പെട്ട ജീവൻ നഷ്ടപെടുത്തുകയാണ്. ആകസ്മികമായി നടുറോഡിൽ പൊലിയുന്ന ജീവിതങ്ങൾ നിരവധി ആളുകളെ കണ്ണീർക്കയത്തിലേക്ക്തള്ളിവിടുന്നു. ധാരാളം ആളുകൾ അനാഥരാകുന്നു. അപകടമരണം കാരണം അച്ഛനമ്മമാരില്ലാത്ത കുട്ടികളുടെ എണ്ണം കൂടുകയാണ്. ഈയിടെ കേരളത്തിലെ റോഡപകടങ്ങൾ ഉണ്ടാകുന്നതിന്റെ കണക്കു പരിശോധിച്ചാൽ ഒരു ദിവസം ശരാശരി 102 അപകടങ്ങൾ ആണ്സംഭവിക്കുന്നത്. ഓരോ പതിനാലര മിനിറ്റിലും ഒരു അപകടം കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച്, 2000 ജനുവരി മുതൽ ഡിസംബർ വരെ ലഭ്യമായ ലേറ്റസ്റ്റ് സ്ഥിതിവിവരകണക്കനുസരിച്ച് ഏതാണ്ട് 37,072 അപകടങ്ങൾ കേരളത്തിൽ നടന്നിരിക്കുകയാണ്. ഇതിൽ 2,711 ആളുകളുടെ ജീവൻ നഷ്ടപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

49,399 ആളുകൾക്ക് പരിക്കേറ്റു. പരിക്കേറ്റവരിൽ 19,713 പേരുടെ പരിക്ക്മാരകമാണ്. എണീറ്റുനടക്കാൻ വയ്യാത്ത രീതിയിലുള്ള പരിക്കാണ് അവർക്കുള്ളത്. ഏറ്റവും കൂടുതൽ അപകടം നടന്നിരിക്കുന്നത് എറണാകുളത്താണ്. അവിടെ 6,849 അപകടങ്ങൾ നടന്നിരിക്കുന്നു. ബോബെയേക്കാൾ കൂടുതൽ. രണ്ടാമത് ഡെൽഹിയിൽ. അവിടെ 4,041 അപകടങ്ങൾ. 3-ാം സ്ഥാനം തിരുവനന്തപുരം അവിടെ 4,017. കോഴിക്കോട് 3,239. 5-ാമത് ആലപ്പുഴ 3,230. ഈ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത് ഇൻഡ്യയിൽ മഹാരാഷ്ട്ര കഴിഞ്ഞാൽ, മഹാരാഷ്ട്രയിൽ 50,000 ആണെങ്കിൽ കേരളത്തിൽ 49,399 ആണ്. അതുപോലെതന്നെ അപകടനിയന്ത്രണത്തെക്കുറിച്ച് നമ്മുടെ സങ്കൽപ്പമെന്തൊണ് ? ട്രാഫിക് നിയന്ത്രിച്ചാൽ അപകടമുണ്ടാവുകയില്ല എന്നാണ് നാം ധരിച്ചിരിക്കുന്നത്. ഇതിൽ നമ്മുടെ സങ്കൽപ്പം മാറ്റേണ്ടിയിരിക്കുന്നു. റോഡ് ഗതാഗത വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ സുരക്ഷാ നിലവാരം ഉറപ്പാക്കുകയും അപകടസാധ്യതകൾ കൂടുതലുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടത്തെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം.

(അദ്ധ്യക്ഷവേദിയിൽ ശ്രീ കെ. പി. രാജേന്ദ്രൻ)

ട്രാഫിക് നിയന്ത്രണം മാത്രം പോരായെന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. കേരളത്തിലെ റോഡപകടങ്ങളുടെ സാദ്ധ്യത മറ്റു സംസ്ഥാനങ്ങളിലേതിനെ അപേക്ഷിച്ച് പല മടങ്ങ് കൂടുതലാണ്. 1998-99-ലെ അവസാന കണക്കനുസരിച്ച് ആയിരം വാഹനങ്ങളിൽ ഇരുപത്തിയാറര ശതമാനം വാഹനങ്ങൾ കേരളത്തിൽ അപകടപ്പെടുകയാണ്. ദേശീയ ശരാശരി തന്നെ 12 ശതമാനത്തിനു താഴെയാണ്. അതിലും നമ്മുടെ സംസ്ഥാനത്തിന് റിക്കാർഡാണ്. 1995-96-ൽ 37,121 അപകടങ്ങളാണ് ഉണ്ടായത്. ഒരു ദിവസം ശരാശരി 102 അപകടങ്ങൾ. അത് ഇന്ന് കൂടിയിരിക്കുകയാണ് അന്നത്തെ മരണ സംഖ്യ ശരാശരി 7 ആണ്. ഇന്ന് ശരാശരി ഒരു ദിവസത്തെ മരണം 7.43 ആയിരിക്കുന്നു. എന്നുപറഞ്ഞാൽ 2 ദിവസത്തിൽ 15 പേർ വാഹനാപകടത്തിൽ മരിക്കുന്നു. ഓരോ പതിനാലര മിനിറ്റിലും ഓരോ അപകടങ്ങൾ നടക്കുന്നു. അതുപോലെതന്നെ 1998-99-ൽ 33,296 അപകടങ്ങളാണ് നമ്മുടെ കേരളത്തിലുണ്ടായത്. അതിൽ 2,506 പേർ മരിച്ചു. കേരളത്തിലെ അപകടങ്ങളുടെ 45 ശതമാനം നടക്കുന്നത് നാഷണൽ ഹൈവേയിലും സ്റ്റേറ്റ് ഹൈവേയിലുമാണ്. എന്നുപറഞ്ഞാൽ ആകെ അപകടങ്ങളുടെ ഏതാണ്ട് 45 ശതമാനം ഒരു ലക്ഷം കി.മീ.ദൈർഘ്യമുള്ള റോഡുള്ള കേരളത്തിൽ വെറും 7,500 കി.മി. ആണ് നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയുമുള്ളത്. ഒരു ലക്ഷം മോട്ടോറബിൾ റോഡിൽ 7,500 കി.മി-ൽ നാഷണൽ ഹൈവേയിലും, സ്റ്റേറ്റ് ഹൈവേയിലും 45 ശതമാനം അപകടം നടക്കുന്നു. ഇതെല്ലാം കണ്ടില്ലെന്നുനടിച്ച് മുന്നോട്ടു പോവുകയാണ്. ഇതിന് ഫലപ്രദമായ നടപടിയുണ്ടാകണം. ഗവൺമെന്റു വിചാരിച്ചാൽ ഉണ്ടാകും. ഇത് ആരും ശ്രദ്ധിക്കുന്നില്ല. അപകടങ്ങൾ ഉണ്ടാകുമ്പോൾ നമ്മളെല്ലാം ഓടിപ്പോകുന്നു. ഗവൺമെന്റ് നഷ്ടപരിഹാരം കൊടുക്കുന്നു. ഇതിന് ശാശ്വതമായ പരിഹാരം കാണാനുള്ള ശക്തമായ നടപടി സ്വീകരിക്കണം. ഇവിടെ 25-4-1995-ൽ 9-ാം കേരള നിയമസഭയിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ആന്റണിയുടെ മുമ്പാകെ ഇതുപോലെ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവന്നു. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി നേരിട്ട് ഒരു ഹൈലവൽ മീറ്റിംഗ് വിളിച്ചുകൂട്ടി. ആ കോൺഫറൻസിന്റെ അടിസ്ഥാനത്തിൽ 1995,1996,1997 എന്നീ വർഷങ്ങളിലെ കേരളത്തിലെ കണക്കു നോക്കിയാൽ ട്രാഫിക് അപകടങ്ങളും മരണങ്ങളും ഏറ്റവും കുറഞ്ഞുകണ്ടത് ഈ മൂന്നു വർഷങ്ങളിലാണെന്ന് കാണാം. മുഖ്യമന്ത്രി നേരിട്ടാണ് മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥൻമാരുടെയും യോഗം വിളിച്ചു കൂട്ടിയത്. അതേ മോഡലിൽ ജില്ലകളിൽ യോഗം കൂടിയപ്പോൾ കേരളത്തിന്റെ ചരിത്രത്തിൽ ഈ മൂന്നുവർഷങ്ങളിൽ അപകടമരണങ്ങളുടെ എണ്ണം കുറഞ്ഞതായി കണ്ടു. പോലീസുകാരുടെ തല കണ്ടാൽ റോഡിൽ നിയമം പാലിക്കും. അന്ന് റോഡിൽ പോലീസുണ്ടായിരുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി അതിൽ വീഴ്ച വന്നിരിക്കുന്നു. എവിടെയോ ഒക്കെ തകരാറുണ്ട്. ഇതിലൊന്നും ശ്രദ്ധയുണ്ടാകുന്നില്ല. ഇത് പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. എന്തുകൊണ്ടാണ് അപകടങ്ങളുണ്ടാകുന്നത് ? മദ്യപിച്ച് വണ്ടിയോടിക്കുക, റോഡുകളുടെ മോശമായ കണ്ടീഷൻ, ആവശ്യമായ വെളിച്ചക്കുറവ് , ഡ്രൈവർമാരുടെ അനാസ്ഥ, വാഹനങ്ങളുടെ സാങ്കേതികമായ തകരാറുകൾ, അനിയന്ത്രിതമായ വേഗത, അനിയന്ത്രിതമായ ഓവർടേക്കിംഗ് , അനധികൃതമായ പാർക്കിംഗ്, ട്രാഫിക് നിയമങ്ങളുടെ ലംഘനം, ഇതൊക്കെയാണ് പ്രധാന കാരണങ്ങൾ. ഇതൊക്കെ നിയന്ത്രിക്കാൻ വകുപ്പുതലത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞാൽ ഇതിനൊക്കെ ശാശ്വതമായ പരിഹാരം കാണാൻ കഴിയുമെന്ന് ഞാൻ ചൂണ്ടിക്കാണിച്ച മൂന്നുവർഷത്തെ കണക്കുകൾ നമുക്ക് മനസ്സിലാക്കിത്തരുന്നു. ഇന്നും അതുപോലുള്ള ഫലപ്രദമായ നടപടികൾ നമുക്ക് ആവശ്യമാണ്. തിരുവനന്തപുരത്ത് സിറ്റിയിൽ ഒരു ഞായറാഴ്ച പട്ടാപ്പകൽ ഒരാളിനു അപകടമുണ്ടായി. തലയ്ക്ക് പരിക്കേറ്റ് മെഡിക്കൽ കോളേജിൽ കൊണ്ടു പോയി. ചികിത്സിക്കാൻ ഡോക്ടർമാരില്ല. സമയത്ത് ചികിത്സ ലഭിക്കാതെ അയാൾ മരിച്ചു. തിരുവനന്തപുരം നഗരസഭ ഐകൃകണ്ഠ്യേന ഒരു പ്രമേയവും പാസാക്കിയിട്ടുണ്ട്. അപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്ന കാര്യത്തിൽ ഫലപ്രദമായ ചികിത്സ കൊടുക്കുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നു. ഞാനിത് ഉദാഹരണം പറഞ്ഞതാണ്. ഈ സംസ്ഥാനത്ത് റോഡ് സേഫ്റ്റി കൗൺസിൽ എന്നൊരണ്ണമുണ്ട്. ഇത് വെറുതെ ഫോർമൽ യോഗം കൂടുന്നുവെന്നേയുള്ളു. ഒരു കോ-ഓർഡിനേഷനുണ്ടാക്കി റോഡ് തല സേഫ്റ്റി കൗൺസിൽ സമയബന്ധിതമായി കൂടണം. അതിൽ ഉദ്യോഗസ്ഥന്മാർ പങ്കെടുക്കണം ആ തരത്തിൽ ജില്ലകളിൽ യോഗം കൂടണം. അതിനാവശ്യമായ ഫണ്ട് ജില്ലാ കമ്മിറ്റികൾ കൊടുക്കണം. ഇവിടെ എല്ലാത്തിനും കളക്ടർമാരുണ്ടല്ലോ. കളക്ടർമാർക്ക് ഇപ്പോൾ സമയമില്ല. അതിന് പ്രത്യേക സംവിധാനം വേണം. സംസ്ഥാന റോഡ് കൗൺസിൽ പോലെ ജില്ലകളിൽ റോഡ് സേഫ്റ്റി കൗൺസിൽ ഉണ്ടാക്കി കാലാകാലങ്ങളിൽ വിലയിരുത്താൻ, അപകടങ്ങളെക്കുറിച്ച് നടപടികൾ സ്വീകരിക്കാൻ എന്തുചെയ്യാൻ കഴിയുമെന്നുനോക്കി ഫലപ്രദമായ നടപടിയെടുക്കുന്നതിനു മുൻകൈയെടുക്കണം. അതുപോലെ ഇന്റർ

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റ് കോ - ഓർഡിനേഷന്റെ കാര്യത്തിലൊക്കെ ഡിപ്പാർമെന്റുകൾ തമ്മിൽ ഒരു കോ-ഓർഡിനേഷനുമില്ല. അതിനാൽ ഡിപ്പാർട്ടുമെന്റിന്റെ കോ-ഓർഡിനേഷൻ അത്യന്താപേക്ഷിതമാണ്. അതിന് നിർദ്ദേശം കൊടുക്കണം. ട്രാഫിക് ലൈറ്റുകളും മറ്റു പദ്ധതികളും നടപ്പിലാക്കാനുള്ള അടിയന്തിരമായ സംവിധാനം വേണം. നാഷണൽ ഹൈവേയിലും സ്റ്റേറ്റ് ഹൈവേയിലുമൊക്കെ ആവശ്യമായ ട്രാഫിക് ലൈറ്റുകൾ വേണം. ട്രാഫിക് പെഡസ്ട്രിയൻസൊന്നും കാര്യമായി നടപ്പാകുന്നില്ല. അതിന് ഫണ്ട് ലഭ്യമാക്കുന്നില്ല. ഫുട്പാത്ത് ട്രാഫിക് കൺട്രോൾ സംവിധാനം എന്നിവ അപകടങ്ങൾ ഒഴിവാക്കുന്ന രീതിയിലായിരിക്കണം. മദ്യപിച്ച് വണ്ടിയോടിക്കുന്നവരെ പിടികൂടാനുള്ള സംവിധാനം ഫലപ്രദമാക്കണം. വളരെ തുച്ഛമായ സംവിധാനമാണ് ഇപ്പോഴുള്ളത്. എല്ലാ ജില്ലകളിലും, എല്ലാ മുനിസിപ്പൽ പ്രദേശങ്ങളിലും മദ്യപിച്ച് വണ്ടിയോടിക്കുന്നവരെ പിടികൂടാനുള്ള എക്വിപ്മെന്റ്സും അതിനാവശ്യമായ ട്രാഫിക് പോലീസും പ്രൊവൈഡ് ചെയ്യേണ്ടിയിരിക്കുന്നു. അതിന്റെ അഭാവം അപകടങ്ങൾ വളരെ വർദ്ധിപ്പിക്കുകയാണ്. ട്രാഫിക് പോലീസിന്റെ കുറവുണ്ട്. പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളിലും ആവശ്യമായ ട്രാഫിക് പോലീസിനെ കൊടുക്കാനുള്ള സംവിധാനത്തെപ്പറ്റി ഗവൺമെന്റ് ആലോചിക്കണം. ബഹു. മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും വകുപ്പ് തലവന്മാരും മുൻകൈയെടുത്ത് എല്ലാ ആറുമാസത്തിൽ ഒരിക്കൽ കോൺഫറൻസ് വിളിച്ചുകൂട്ടണം. ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി മുൻകൈയെടുത്ത് മൂന്നു മാസത്തിൽ ഒരിക്കൽ ഒരു യോഗം വിളിച്ചുകൂട്ടണം. അതുപോലെ മാസത്തിൽ ഒരിക്കൽ ട്രാൻസ്പോർട്ട് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടണം. ഇങ്ങനെ മൂന്ന് യോഗങ്ങൾക്ക് പുറമേ ജില്ലാ ട്രാഫിക് സെഫ്റ്റി കൗൺസിൽ യോഗം കൂടണം. അങ്ങനെ നിരന്തരമായി യോഗം നടത്തി ഡിപ്പാർട്ടുമെന്റിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കിയാൽ ഇതിൽ മാറ്റം വരും. വാഹന അപകട കാര്യത്തിൽ ഈ സംസ്ഥാനം രണ്ടാം സ്ഥാനത്താണ്. മനുഷ്യ ജീവൻ വളരെയേറെ നഷ്ടപ്പെടുന്നു. അംഗവൈകല്യം സംഭവിച്ച ആളുകളുടെ എണ്ണം കൂടി വരുകയാണ്. ഇതിനു മുന്തിയ പരിഗണന നൽകി ഈ സഭയുടെ തീരുമാനം അനുസരിച്ച് അങ്ങ് മീറ്റിംഗ് വളിച്ചു കൂട്ടണം. ബഹു.എ. കെ. ആന്റണി ചെയ്തതുപോലെ അങ്ങ് ഇതിൽ മുൻകൈയെടുക്കണം രണ്ടുമൂന്നു വർഷക്കാലമായി മീറ്റിംഗ് കൂടാറില്ല. എത്ര തിരക്കുണ്ടെങ്കിലും അങ്ങ് സമയം കണ്ടെത്തി ഒരു യോഗം വിളിച്ചുകൂട്ടി താഴേയ്ക്ക് വേണ്ട നിർദ്ദേശം കൊടുക്കണം. അപകടം പരമാവധി കുറയ്ക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, സർക്കാർ ഉത്തരവ് നമ്പർ 16/2000/ട്രാൻസ്പോർട്ട് തീയതി 1-6-2000 പ്രകാരം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് റോഡു സുരക്ഷാ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് റോഡ് സുരക്ഷാ കൗൺസിൽ പുന:സംഘടിപ്പിച്ചു. 35 അംഗങ്ങളുൾപ്പെട്ട പ്രസ്തുത കൗൺസിൽ ഗതാഗത വകുപ്പുമന്ത്രി ചെയർമാനും, ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും പൊതുമരാമത്ത് വകുപ്പുമന്ത്രിയും വിവിധ ഉദ്യോഗസ്ഥരും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രമുഖരും അംഗങ്ങളുമാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സമിതി ആറു മാസത്തിലൊരിക്കൽ യോഗം ചേർന്ന് റോഡു സുരക്ഷാ പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുണ്ട്. വാഹനത്തിന്റെ തകരാറുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് ഫിറ്റ്നസ് പരിശോധന കൂടുതൽ കർശനമാക്കിയിട്ടുണ്ട്. ഈ പരിശോധന കുറഞ്ഞത് 2 ഉദ്യോഗസ്ഥന്മാർ ചേർന്ന് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കണ്ടീഷനിലല്ലാത്ത വാഹനങ്ങൾ ഓടിച്ചുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി 15 വർഷത്തിനുമേൽ പഴക്കമുള്ള സ്വകാര്യ വാഹനങ്ങൾ പരിശോധന നടത്തി രജിസ്ട്രേഷൻ പുതുക്കികൊടുക്കുന്നതും. തുടർന്നുള്ള ഓരോ അഞ്ചു വർഷത്തിലൊരിക്കലും പ്രസ്തുത നടപടി തുടരുന്നതുമാണ്. അമിത വേഗത നിയന്ത്രിക്കുന്നതിന് സ്പീഡ് റഡാറുകൾ ഉപയോഗിച്ച് വാഹന പരിശോധന നടത്തി വരുന്നു. കുറ്റക്കാർക്കെതിരെ കർശന ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നുണ്ട്. ട്രാഫിക് നിയമങ്ങളുടെ ലംഘനം മൂലമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് വാഹന പരിശോധന ഫലപ്രദമാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് അഞ്ച് ഫ്ളയിംഗ് സ്കാഡുകൾ സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിൽ കൂടി രൂപീകരിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. വാഹനമോടിക്കുന്നതിനിടയിൽ പുകവലിക്കുക, മൊബൈൽ ഫോണിൽ സംസാരിക്കുക തുടങ്ങിയ നടപടികൾ നിരോധിക്കുന്നതിനാവശ്യമായ ഭേദഗതികൾ കേരള മോട്ടോർ വാഹന ചട്ടത്തിൽ വരുത്തുന്നതിനുള്ള നടപടിയും സർക്കാർ പരിഗണിച്ചു വരികയാണ്. ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് നൽകൽ, പുതുക്കൽ, എന്നിവയ്ക്കും 50 വയസ്സിനുമേൽ പ്രായമുള്ളവർക്ക് സ്വകാര്യ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസ് നൽകൽ, പുതുക്കൽ എന്നിവയ്ക്കും അപേക്ഷയോടൊപ്പം, എം.ബി.ബി.എസ്. അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റുകൂടി ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് ട്രാഫിക് നിയമങ്ങളെക്കുറിച്ച് അറിവ് നൽകുന്നതിനും അവ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവാൻമാരാക്കുന്നതിനും മറ്റും ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിലൂടെയും സെമിനാറുകളിലൂടെയുംബോധവൽക്കരണ പരിപാടികൾ വ്യാപകമായി നടത്തി വരുകയാണ്. വർഷംതോറും നടത്തിവരുന്ന റോഡ് സുരക്ഷാവാരാചരണത്തിന് പുറമേ, റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് 2000 മേയ് മാസം 15-ാം തീയതി മുതൽ ജൂൺ മാസം 15-ാം തീയതിവരെയുള്ള ഒരുമാസം റോഡ് സുരക്ഷാ മാസമായി സംസ്ഥാന സർക്കാർ ആചരിക്കുകയുണ്ടായി. കൂടുതൽ നടപടികൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. തമ്പാനൂർ രവി : വർദ്ധിച്ചു വരുന്ന അപകടങ്ങൾ കണക്കിലെടുത്ത് ഉന്നതതലത്തിൽ യോഗം നടന്നാലേ പരിഹാരമുണ്ടാകൂ. മുഖ്യമന്ത്രി തലത്തിൽ ഒരുയോഗവുംമൂന്ന് മാസത്തിൽ ഒരിക്കൽ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരുയോഗവും മാസത്തിൽ ഒരിക്കൽ ട്രാൻസ്പോർട്ട് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരുയോഗവും വിളിച്ചുകൂട്ടുവാൻ സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ ബന്ധപ്പെട്ടവർക്ക് നൽകുമോ? അതു പ്രാവർത്തികമായാൽ ഈ അപകടങ്ങൾ വളരെയേറെ കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിന് ബഹു.മുഖ്യമന്ത്രി നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : നിർദ്ദേശം നൽകാം.

മി. ചെയർമാൻ : അടുത്തതായി ശ്രീ. ജയരാജൻ.....

(2) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. വി. ജയരാജൻ : സർ, തൊഴിൽരഹിതരുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. 40 ലക്ഷത്തോളം രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുള്ള സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം. ഇതിൽ 32 ലക്ഷവും എസ്.എസ്.എൽ.സി. മുതൽ മുകളിലോട്ട് വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. ബിരുദവും ബിരുദാനന്തര ബിരുദവും വിദ്യാഭ്യാസ യോഗ്യതയുള്ളവർ മാത്രം വരും 3 ലക്ഷം. 2000-ലെ സാമ്പത്തിക സർവ്വേ റിപ്പോർട്ടിലെ കണക്കുപ്രകാരം നമ്മുടെ സംസ്ഥാനത്ത് സംഘടിത മേഖലയിൽ 12,15,945 തൊഴിലവസരങ്ങളാണുള്ളത്. പൊതുമേഖലയിൽ ജോലിചെയ്യുന്നവർ 6,39,340 പേരാണ്. സ്വകാര്യ മേഖലയിലാകട്ടെ 5,76,605 പേർ ജോലി നോക്കുകയാണ്. മുൻവർഷത്തേക്കാൾ തൊഴിലവസരങ്ങൾ പൊതുമേഖലയിലും സംഘടിത മേഖലയിലും വർദ്ധിച്ചുവെന്നാണ് പ്ലാനിംഗ് ബോർഡിന്റെ സാമ്പത്തിക സർവ്വേ വ്യക്തമാക്കുന്നത്. വിദേശത്ത് ജോലിനോക്കുന്ന മലയാളികൾ 11.41 ലക്ഷം വരും. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ജോലിനോക്കുന്ന മലയാളികളാകട്ടെ ഏതാണ്ട് 30 ലക്ഷത്തോളം വരും. കഴിഞ്ഞ കുറെ വർഷങ്ങളായി വിദേശത്ത് ജോലി ചെയ്യുന്നവർ തിരിച്ച് നാട്ടിലേക്ക് വരുകയാണ്. പ്ലാനിംഗ് ബോർഡ് തന്ന കണക്കനുസരിച്ച് 5,43,700 പേർ ഈ വർഷം ഇവിടെ സെറ്റിൽ ചെയ്തു. സൗദി അറേബ്യയിൽ നിന്നുമാത്രം 2,50,000 പേർ തിരിച്ചു വന്നിരിക്കുകയാണ്. അതു 46 ശതമാനം വരും. വിദേശത്ത് തൊഴിൽസാധ്യത കുറഞ്ഞു വരുന്നു എന്നതാണ് നമ്മെ ഏറെ ഉൽക്കണ്ഠപ്പെടുത്തുന്ന കാര്യം. അതോടൊപ്പം നമ്മെ ഉൽക്കണ്ഠപ്പെടുത്തുന്ന മറ്റൊരു കാര്യമാണ് കേന്ദ്ര സർക്കാരിന്റെ ആഗോളവൽക്കരണ-ഉദാരവൽക്കരണനയംമൂലം തൊഴിലവസരങ്ങൾ കുറഞ്ഞു വരുന്നുവെന്ന വസ്തുത. 2001-2002 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ കേന്ദ്ര സർവ്വീസിൽ 10 ശതമാനം തസ്തിക വെട്ടിക്കുറയ്ക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്. മൂന്നുപേർ റിട്ടയർ ചെയ്താൽ ഒരാളെ മാത്രമേ നിയമിക്കാവൂ എന്നതാണ് ബഡ്ജറ്റ് നിർദ്ദേശം. കഴിഞ്ഞ രണ്ട് വർഷമായി നിയമന നിരോധനമാണ് കേന്ദ്ര സർക്കാർ നടപ്പാക്കിയിരിക്കുന്നത്. കേന്ദ്ര സർവ്വീസിലും പൊതുമേഖലയിലും പുതിയ നിയമനങ്ങൾ ഒരു ശതമാനം മാത്രമാക്കി ചുരുക്കിയിരിക്കുകയാണ്. ബാങ്കിംഗ് റിക്രൂട്ട്മെന്റ് ബോർഡ് പോലുള്ള റിക്രൂട്ടിംഗ് ഏജൻസികളെ ഒഴിവാക്കുകയാണ്. ഐ.എം.എഫ്., വേൾഡ് ബാങ്ക്, വേൾഡ് ട്രേഡ് ഓർഗനൈസേഷൻ ഈ ത്രിമൂർത്തികളുടെ കല്പന പ്രകാരം വിവിധ പൊതുമേഖലകളിലും സർക്കാർ വകുപ്പുകളിലും തൊഴിലവസരങ്ങൾ വെട്ടിക്കുറയ്ക്കുകയാണ്. കേന്ദ്ര സർക്കാർ നിയോഗിച്ച ഗീതാകൃഷ്ണൻ കമ്മിറ്റി ഇപ്രകാരമാണ് നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത്. The Committee has recommended for 70 per cent

LIBRARY ARCHIVES Kerala Legislative Assembly